# മാനേജിംഗ് ഡയറക്ടറുടെ നടപടി ക്രമം
## (ഹാജർ ഡോ.ബി.അശോക് ഐ.എ.എസ്.)

വിഷയം:- കേരള വാട്ടർ അതോറിറ്റി - പ്രോറാറ്റ പെൻഷൻ വിഹിത ബാധ്യത മുൻ തൊഴിൽ ഉടമയിൽ നിന്നോ ജീവനക്കാരിൽ നിന്നോ ഈടാക്കി മുൻകാല സർവ്വീസ്, പെൻഷനും, ടെർമിനൽ ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.................................................................................................................

## കേരള വാട്ടർ അതോറിറ്റി

നമ്പർ.കെ.ഡബ്ല്യൂ.എ/ജെ.ബി/എച്ച്.ഒ/ഇ.1/14681/2016.

തീയതി, തിരുവനന്തപുരം, 12.02.2020

.................................................................................................................

സൂചന: 1. സർക്കാർ കത്ത് നമ്പർ.5020/സി.2/14/ഡബ്ല്യൂ.ആർ.ഡി.തീയതി, 13.4.2016
2. സർക്കാർ കത്ത് നമ്പർ.ഡബ്ല്യൂ.എസ്-സി.2/17/2017 ഡബ്ല്യൂ. ആർ.ഡി തീയതി, 02.08.2017.
3. G.O.(P) No.369/87/Fin. dated, 31.03.1987 of Finance (Pension-B) Department
4. G.O.(P) No.383/89/Fin. dated, 29.08.1989 of Finance (Pension-B) Department
5. G.O.(P) No.703/2002/Fin. dated, 12.11.2002 of Finance (Pension-B) Department
6. G.O.(P) No.413/2014/Fin. dated, 24.09.2014 of Finance (Pension-B) Department
7. Rule No.29(a) Part III Kerala Service Rules
8. B.O.(FB) No.2574/2005 dated, 01.09.2005 of Kerala State Electricity Board
9. G.O.(P) No.188/2008/Fin. dated, 25.04.2008 of Finance (Pension-B) Department
10. 03.01.2020 ലെ കേരള വാട്ടർ അതോറിറ്റിയിലെ 411-ാമത് ബോർഡ് യോഗത്തിലെ 10941-ാം നമ്പർ തീരുമാനം.

## ഉത്തരവ്

1. കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉള്ള മുൻകാല സേവനകാലം വാട്ടർ അതോറിറ്റിയിലെ പെൻഷൻ കാലയളവിന്, യോഗ്യതാ കാലമായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ സംഘടനകൾ, ജീവനക്കാർ, പെൻഷൻ പറ്റി പിരിഞ്ഞിട്ടുള്ളവർ തുടങ്ങിയവരിൽ നിന്നും നിരവധി നിവേദനങ്ങൾ ലഭിച്ചുവരുന്നതും ഇവരിൽ ചിലർ കോടതിയെ സമീപിച്ചതിന്റെ ഫലമായി വന്നിട്ടുള്ള വിധികളുടെ അടിസ്ഥാനത്തിൽ മുൻകാല സർവ്വീസ് പെൻഷനും മറ്റ് ടെർമിനൽ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് പരിഗണിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയിട്ടുള്ളതുമാണ്. എന്നാൽ മുൻകാല സർവ്വീസ് പരിഗണിക്കുന്നത് സംബന്ധിച്ച് വ്യക്തത

വരുത്തിക്കൊണ്ടുള്ള എന്തെങ്കിലും നിർദ്ദേശങ്ങളുടെ അഭാവത്തിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ അതോറിറ്റിയോട് സർക്കാർ നിർദ്ദേശിച്ചിരുന്നു.

2. കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കേരള സർവ്വീസ് റൂൾസ് പാർട്ട് III പ്രകാരമാണ് നിർണ്ണയിക്കുന്നത്. കേരള സർവ്വീസ് റൂൾസ് III ചട്ടം 20 പ്രകാരം സർക്കാരിന്റെ പ്രത്യേകമായ ഉത്തരവിൻ കീഴിൽ ഒഴികെ, ഒരു ലോക്കൽ ഫണ്ടിൽ നിന്നും ശമ്പളം നൽകിയിട്ടുള്ള ഒരു സർവ്വീസ് പെൻഷന് പരിഗണിക്കാൻ യോഗ്യമാകുന്നതല്ല. എന്നാൽ പഞ്ചായത്ത്/മുനിസിപ്പൽ കോമൺ സർവ്വീസിലും സർവ്വകലാശാലകളിലും, സർക്കാർ ജീവനക്കാരും എയ്ഡഡ് സ്കൂൾ/എയ്ഡഡ് കോളേജ് അദ്ധ്യാപകരും അവർ സംസ്ഥാന സർവ്വീസിലോ എയ്ഡഡ് സ്കൂൾ/എയ്ഡഡ് കോളേജ് സർവ്വീസിലോ പ്രവേശിക്കുന്നതിന് മുമ്പ് അനുഷ്ഠിച്ചിട്ടുള്ള അവരുടെ മുൻകാല സേവനം സർക്കാരിൽ നിന്നും പെൻഷന് വേണ്ടിയും ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയ്ക്ക് വേണ്ടിയും യോഗ്യമായ സർവ്വീസായി കണക്ക് കൂട്ടുന്നതാണ്.

3. മുൻകാല സർവ്വീസ് കണക്കിലെടുക്കുന്നതിനായി ടി ചട്ടത്തിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് അഭ്യർത്ഥിച്ചിരുന്നു. സൂചന രണ്ട് പ്രകാരം സർക്കാരിൽ നിന്നുള്ള വിശദീകരണത്തിൽ 04.12.1999-ലെ 74/1999/ധന. നമ്പർ സർക്കുലറിന്റെ മൂന്നാം ഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിയമിതരായിട്ടുള്ള ജീവനക്കാർക്ക് കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളിൽ / മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ മുൻകാല സർവ്വീസ് ഉണ്ടെങ്കിൽ ആയത് കണക്കിലെടുത്ത് കേരള വാട്ടർ അതോറിറ്റിയിൽ പേ പ്രൊട്ടക്ഷൻ അനുവദിക്കുന്നതിനും ടെർമിനൽ ആനുകൂല്യം അനുവദിക്കുന്നതിനും ടി കാലയളവ് പെൻഷന് പരിഗണിക്കുന്നതിനും അതാത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക്/സ്വയംഭരണ സ്ഥാപനങ്ങൾക്ക് തീരുമാനമെടുക്കാവുന്നതാണ്. ഈ വിഷയം വാട്ടർ അതോറിറ്റി ബോർഡ് കൂടി തീരുമാനമെടുക്കേണ്ടതും ടി കാലയളവ് പെൻഷന് പരിഗണിക്കുന്നതിന് തീരുമാനം എടുക്കുന്ന പക്ഷം, 25.04.2008-ലെ സർക്കാർ ഉത്തരവ് സ.ഉ.(പി) നമ്പർ.188/2008/ധന പ്രകാരം പ്രൊറേറ്റ പെൻഷൻ വിഹിതം വാങ്ങുന്ന കാര്യത്തിലും തീരുമാനമെടുക്കേണ്ടതാണ്. ഇതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

4. കൂടാതെ 13.04.2016-ലെ സർക്കാർ കത്ത് നമ്പർ.5020/സി.2/14/ ഡബ്ല്യൂ.ആർ.ഡി പ്രകാരം സർവ്വകലാശാല, പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയ സ്വയം ഭരണാധികാരമുള്ള സ്ഥാപനങ്ങൾ, ഇതര മേഖലയിലെ കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരുടെ മുൻകാല സർവ്വീസ് ഉണ്ടെങ്കിൽ വാട്ടർ അതോറിറ്റിയിലെ സർവ്വീസിനോടൊപ്പം ടി കാലയളവ് പെൻഷന് പരിഗണിക്കുന്നതിനും, ടെർമിനൽ

ആനുകൂല്യം അനുവദിക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയ്ക്ക് തന്നെ തീരുമാനം എടുക്കാവുന്നതാണ് എന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്.

5. വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ഇതര സർവ്വീസുകളിലെ സേവന കാലം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്ന വിഷയം ബഹുമാനപ്പെട്ട ബോർഡിന്റെ 07.04.2017-ൽ കൂടിയ 391-ാം യോഗത്തിന്റെ മുൻപിൽ യുക്തമായ തീരുമാനത്തിനായി സമർപ്പിച്ചിരുന്നു.

6. ബഹുമാനപ്പെട്ട കേരള വാട്ടർ അതോറിറ്റി ബോർഡ് പ്രസ്തുത യോഗത്തിൽ വാട്ടർ അതോറിറ്റിയിൽ, മേൽ വിശദീകരിച്ചതിൻ പ്രകാരം ആനുകൂല്യം നൽകേണ്ടി വരുന്നവരുടെ എണ്ണവും സാമ്പത്തിക ബാദ്ധ്യതയും കണക്കാക്കി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരങ്ങൾ കൂടി ഉൾക്കൊള്ളിച്ച് 03.01.2020-ൽ കൂടിയ കേരള വാട്ടർ അതോറിറ്റിയുടെ 411-ാമത് യോഗത്തിൽ വീണ്ടും സമർപ്പിക്കുകയുണ്ടായി. കൂടാതെ അധിക ബാദ്ധ്യതയായി വിശദീകരിച്ചിട്ടുള്ള തുക ഏതെങ്കിലും ഒരു സാമ്പത്തിക വർഷത്തിൽ മൊത്തമായും നൽകേണ്ടി വരുന്നതല്ല എന്നും ഇത് വരും വർഷങ്ങളിൽ ഘട്ടംഘട്ടമായി നൽകേണ്ടി വരുന്ന അധിക ബാദ്ധ്യതയാണെന്നും ബഹുമാനപ്പെട്ട ബോർഡിനെ അറിയിക്കുകയുണ്ടായി.

7. ഇതിനോടൊപ്പം സർക്കാർ കത്ത് 02.08.2017-ൽ പ്രതിപാദിച്ചിട്ടുള്ള സർക്കാർ ഉത്തരവ് 25.04.2008-ലെ സ.ഉ.(പി)/188/2018/ധന പ്രകാരം പ്രോറേറ്റ പെൻഷൻ വിഹിതമായി മുൻ തൊഴിൽ ഉടമയിൽ നിന്നോ അല്ലെങ്കിൽ ജീവനക്കാരിൽ നിന്നോ ഈടാക്കുന്ന വ്യവസ്ഥ പ്രകാരമാണ് നടപടി സ്വീകരിക്കുന്നതെങ്കിൽ വാട്ടർ അതോറിറ്റിയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുന്നതല്ലെന്നും, കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ട് 1986 അനുസരിച്ച്, വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങളും, പെൻഷൻ ആനുകൂല്യങ്ങളും കേരള സർവ്വീസ് റൂളിന്റെ പരിധിയിലായതിനാലും കേരള സർവ്വീസ് റൂളിൽ കാലാകാലങ്ങളിൽ വരുന്ന ഭേദഗതികൾ വാട്ടർ അതോറിറ്റിയിലും ബാധകമാവുന്നതും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പെൻഷനായിട്ടുള്ളവർക്കും പ്രസ്തുത ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്നും ഉള്ള നിയമോപദേശവും ലഭിച്ചിട്ടുണ്ട്. കൂടാതെ സാമ്പത്തിക ബാധ്യതയുടെ അടിസ്ഥാനത്തിലോ ഫണ്ടിന്റെ അപര്യാപ്തതമൂലമോ അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ നിഷേധിക്കുവാനോ തടഞ്ഞുവയ്ക്കുവാനോ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമപരമായി കഴിയുന്നതല്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്.

8. കൂടാതെ സൂചന 3,4 പ്രകാരം സംസ്ഥാന സർക്കാരിലും സംസ്ഥാനത്തുള്ള മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും ഉള്ള ജീവനക്കാരുടെ മുൻകാല സർവ്വീസ്, കേന്ദ്ര

സർവ്വീസിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കാവുന്നതാണ്. അതുപോലെ കേന്ദ്ര സർവ്വീസിലും മറ്റ് കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളിലും ലഭിച്ചിട്ടുള്ള മുൻകാല സർവ്വീസ് സംസ്ഥാന സർവ്വീസിൽ നിന്നും സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്കും പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതിനു വേണ്ടിയും മേൽ ഉത്തരവ് ശുപാർശ ചെയ്യുന്നുണ്ട്. സൂചന 5 പ്രകാരം കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മാറി സംസ്ഥാന സർവ്വീസിൽ പ്രവേശിച്ചവർക്കു മുൻകാല സർവ്വീസ് ചെയ്ത സ്ഥാപനങ്ങൾ മുൻകാല പെൻഷൻ വിഹിതബാധ്യത നിലവിലുള്ള സംസ്ഥാന സർക്കാർ സ്ഥാപനത്തിന് നൽകുന്ന വ്യവസ്ഥയിൽ മുൻകാല സർവ്വീസ് പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കാവുന്നതാണ്. കേരള സംസ്ഥാന വൈദ്യുതി ബോർഡിലും ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മുൻകാല സർവ്വീസ് കണക്കാക്കുന്നുണ്ട്. (സൂചന 8).

9. മുകളിൽ പരാമർശിച്ച വിഷയങ്ങൾ 03.01.2020-ലെ കേരള വാട്ടർ അതോറിറ്റിയിലെ 411-ാമത് ബോർഡ് വിശദമായി പരിശോധിക്കുകയും ''കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകൾ/ കേന്ദ്ര, സംസ്ഥാന പൂർണ്ണ ഉടമസ്ഥതയിലുള്ള മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മുൻകാല സർവ്വീസ് പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതിനും പ്രോറേറ്റ പെൻഷൻ വിഹിതം മുൻ തൊഴിൽ ഉടമയിൽ നിന്നോ ജീവനക്കാരനിൽ നിന്നോ നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ഈടാക്കുന്നതിനും'' തീരുമാനം എടുക്കുകയുണ്ടായി.

ഇതിന്റെ അടിസ്ഥാനത്തിൽ അതോറിറ്റി ബോർഡ് തീരുമാന പ്രകാരം കേരള വാട്ടർ അതോറിറ്റിയിലെ നിലവിലുള്ള ജീവനക്കാർക്കും, വിരമിച്ച ജീവനക്കാർക്കും കേന്ദ്ര സർക്കാർ/മറ്റ് സംസ്ഥാന സർക്കാർവകുപ്പുകൾ/മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പെൻഷന് കണക്കാക്കാവുന്ന മുൻകാല സർവ്വീസ്, പെൻഷനും ടെർമിനൽ ആനുകൂല്യങ്ങൾക്കും പ്രോറേറ്റ പെൻഷൻ വിഹിത ബാദ്ധ്യത മുൻ തൊഴിൽ ഉടമയിൽ നിന്നോ ജീവനക്കാരനിൽ നിന്നോ നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ അടയ്ക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. ആയതിലേയ്ക്കായി ഇത്തരം ആനുകൂല്യം ലഭിക്കുവാൻ അർഹതയുള്ളവർ മുൻ തൊഴിൽ ഉടമയിൽ നിന്നാണ് തുക ഈടാക്കുന്നതെങ്കിൽ നിലവിൽ ജോലിചെയ്യുന്ന ഓഫീസിൽ നിന്നും മുൻ വകുപ്പിലേയ്ക്ക് പ്രോറേറ്റ വിഹിതം

അടയ്ക്കുന്നത് **25.04.2008-ലെ ജി.ഒ.(പി.) നമ്പർ 188/2008/ധന.** പ്രകാരം തുക കണക്കാക്കി അടയ്ക്കുവാൻ ആവശ്യപ്പെടേണ്ടതും, ഇതിന്റെ ഭാഗമായി ഇതര വകുപ്പിൽ നിന്നും ലഭിക്കുന്ന തുക അതോറിറ്റിയുടെ ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ പേരിലുള്ള **57047024822, IFSC SBIN0070020 SBI Kowdiar Branch** ലെ അക്കൗണ്ടിൽ വന്നുവെന്ന് ഉറപ്പ് വരുത്തിയശേഷം പ്രസ്തുത വ്യക്തിയുടെ സേവന പുസ്തകത്തിൽ ചുവന്ന മഷിയിൽ പ്രോറേറ്റ എന്ന ശീർഷകത്തിനു താഴെ പ്രോറേറ്റ വിഹിതമായി ലഭിച്ച തുക, തീയതി, ചെക്ക്/ഡിഡി എന്നിവയുടെ (സാക്ഷ്യപ്പെടുത്തിയ) പകർപ്പ് ഉൾപ്പെടെ ഒട്ടിച്ചുചേർക്കുന്നതിനോടൊപ്പം വിശദമായ വിവരങ്ങൾ കൂടി രേഖപ്പെടുത്തേണ്ടതുമാണ്. മറിച്ച് ജീവനക്കാരനാണ് പ്രോറേറ്റ പെൻഷൻ വിഹിതം അടയ്ക്കുന്നതെങ്കിൽ അത്തരത്തിൽ ലഭിക്കുന്ന തുക വാട്ടർ അതോറിറ്റി സി.ബി.ആർ (CBR) പ്രകാരം സി.ബി.2 (CB2) രസീതിൽ വസൂൽ ആക്കേണ്ടതും പ്രസ്തുത രസീതിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി സേവന പുസ്തകത്തിൽ ഒട്ടിച്ചുചേർക്കുന്നതിനോടൊപ്പം വിശദാംശങ്ങൾകൂടി ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ടതുമാണ്. അസ്സൽ രസീത് പ്രസ്തുത ജീവനക്കാരൻ അതോറിറ്റിയിൽ നിന്ന് ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്.

വിരമിച്ച ജീവനക്കാരുടെ കാര്യത്തിൽ അവർ അവസാനമായി ജോലി ചെയ്ത ഓഫീസിൽ നിന്നോ/സേവന പുസ്തകം സൂക്ഷിപ്പിൽ ഉള്ള ഓഫീസിൽ നിന്നോ നടപടിക്രമങ്ങൾ ആരംഭിക്കേണ്ടതാണ്. ഗസറ്റഡ് ഓഫീസറുടെ കാര്യത്തിൽ സേവന പുസ്തകം അക്കൗണ്ട്സ് ഓഫീസർ (പേ സ്ലിപ്പ് & പെൻഷൻ) വിഭാഗത്തിൽ നിന്ന് വാങ്ങി നടപടികൾ കൈക്കൊള്ളേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് പെൻഷന് കണക്കാക്കുന്ന മുൻകാല സർവ്വീസ്, സർവ്വീസ് പെൻഷനും ടെർമിനൽ ആനുകൂല്യങ്ങൾക്കും പരിഗണിക്കുവാൻ ഇതിനാൽ ഉത്തരവാകുന്നു.

ഉള്ളടക്കം : 25.04.2008 -ലെ സർക്കാർ ഉത്തരവ് സ.ഉ(പി)/188/2008/ധന.

**ഒപ്പ്/-**
**മാനേജിംഗ് ഡയറക്ടർ**

ഉത്തരവിന്റെ പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും.
ഉത്തരവിന്റെ പകർപ്പ് : പി.എ. റ്റു എം.ഡി / റ്റി.എ റ്റു റ്റി.എം/ ചീഫ് എഞ്ചിനീയർ (പ്രോജക്റ്റ് & ഓപ്പറേഷൻസ്),(എച്ച്.ആർ.ഡി & ജനറൽ)/ഡി.സി.ഇ (ജനറൽ)/സെക്രട്ടറി/ എഫ്.എം & സി.എ.ഒ/സീനിയർ എ.ഒ/അക്കൗണ്ട്സ് ഓഫീസർ (എസ്റ്റാ. & അഡ്മിൻ), (പേസ്ലിപ്പ്& പെൻഷൻ)/ ജെ.എസ്.(എസ്റ്റാ.& അക്കൗണ്ട്സ്)/ആർ.എ.ഒ/ ഓഫീസ് പകർപ്പ്.
ഉത്തരവിന്റെ പകർപ്പ് : ഡി.ബി.എ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.

**ഉത്തരവിൻ പ്രകാരം**

**സീനിയർ സൂപ്രണ്ട്**

KP/PC3

**33**

**FINANCE (PENSION — B) DEPARTMENT**

**G.O.(P)188/2008/Fin.** **Dated, Thiruvananthapuram, 25th April, 2008.**

***Abstract.*-** Kerala Service Rules, Part III — Service put in by employees under Municipal Common Service/Panchayat/Universities prior to entry in Government Service and *vice versa* — Reckoning for pension — Sharing of pro-rata pensionary liability — Calculation of Pro-rata pensionary liability — Modification — Orders issued

Read:— 1. G.O.(P)228/2001/Fin. dated 2-2-2001.

2. G.O.(P)193/2004/Fin. dated 20-4-2004.

**ORDER**

In the Government Order read as 1st paper above, orders were issued to count the past service put in by Government Employees/Teachers in Panchayat/Municipal Common Service/Universities, etc., prior to their entry in State Service and *vice-versa* as qualifying service for pension and DCRG subject to remittance of pensionary liability to the Pension Fund by the former employer in lump at the time of such appointment of the employee to the State Service and *vice versa*.

Subsequently, in the Government Order read as 2nd paper above, it was clarified that former employer should remit the DCRG/Service Gratuity and Commuted Value of the entire admissible pension reckoning the commutation factor applicable to the next birthday as on the date of absorption/joining the Government Service/Autonomous Body/University as the case may be as *pro-rata* pensionary liability with simple interest @ 5% per annum in the case of delayed remittance beyond 2 years.

It has come to the notice of Government that different methods are being adopted for calculating *pro-rata* pensionary liability in the case of absorption/joining in the Government Service by employees, who have less than 10 years of previous service.

**The Government have examined the matter in detail and are pleased to clarify that the former employer should remit the DCRG/Gratuity and commuted/capitalised value of the entire admissible pension reckoning the commutation factor applicable to the next birthday as on the date of absorption/joining the Government Service, as pro-rata pensionary liability also in the case of employees who have been absorbed/who have joined in the Government Service/Autonomous Bodies/Universities as the case may be, after having a previous service of less than 10 years, considering the period as eligible for pension for the limited purpose of calculation of *pro-rata* pensionary liability. An illustration of calculation of pro-rata pensionary liability is given in Appendix. As regards interest in the case of delayed remittance, beyond 2 years from the date of joining, simple interest @ 5% per annum shall be charged till the date of remittance or 31st March, 2009, whichever is earlier. The rate of interest with effect from 1-4-2009 will be 9% per annum.**

By Order of the Governor,
**B. SASIDHARAN PILLAI,**
*Additional Secretary (Finance).*

## APPENDIX

## ILLUSTRATION OF CALCULATION OF PRO-RATA PENSIONARY LIABILITY

| | | | |
|---|---|---|---|
| 1. | Age on next birthday as on the date of absorption/joining the Government service/Autonomous Bodies/Universities | 30 years | |
| 2. | No. of years of Qualifying Service under former employer | 3 years † | |
| 3. | Average emoluments in former service as on the date of absorption /joining the Government Service /Autonomous Bodies/Universities | 420 | |
| 4. | Amount of Pension | 420 x ½ x 3/30 =Rs. 21 | |
| 5. | Commutation value of pension | 21 x 17.78 x 12 | 4480 |
| 6. | DCRG | 420 x ½ x 3 | 630 |
| 7. | Total *pro-rata* pensionary liability | | 5110 ‡ |

† Qualifying Service of 2 years 6 months is rounded off as 3 years. (Below six months may be rounded off by ignoring it)

‡ For belated remittance beyond 2 years, 5% simple interest is to be charged on total *pro-rata* pensionary liability till the date of remittance or 31st March, 2009 whichever is earlier. The rate of interest with effect from 1-4-2009 will be 9% per annum.

### 34

### FINANCE (PENSION — B) DEPARTMENT

**G.O.(P)420/2008/Fin. Dated, Thiruvananthapuram, 18th September, 2008.**

***Abstract.***- Kerala Service Rules, Part III — Reckoning of the service put in by State Government Employees/Aided School/Aided College Teachers who later join the Municipal Common Service/ Universities — Orders issued.

Read:— 1. G.O.(P)No.228/2001/Fin. dated 02-02-2001.
2. G.O.(P)No.193/2004/Fin. dated 20-04-2004.
3. G.O.(P)No.188/2008/Fin. dated 25-04-2008.
4. G.O.(P)No.269/2008/Fin. dated 21-06-2008.

**ORDER**

In the Government Order read as 1st above, *inter alia*, it was ordered that the service put in by Government employees in Panchayath, Municipal Common Service and Universities prior to their entry in the State Government service including Aided School and vice versa will be reckoned for pension. As per the Government Order read 4th above, statutory provisions were incorporated in